ആലക്കോട് ബസ് ഓണേർസ് വാട്സ്ആപ്പ് കൂട്ടായ്മ കാരുണ്യയാത്രയിലൂടെ സമാഹരിച്ച പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണം തളിപ്പറമ്പ് എം.വി.ഐ ജെ.എസ്.ശ്രീകുമാർ നിർവഹിക്കുന്നു

കാരുണ്യയാത്രയിലൂടെ സമാഹരിച്ച തുക ദുരിതബാധിതർക്ക് കൈമാറി

ആലക്കോട്: കുടപ്പിറപ്പുകൾക്ക് കൈത്താങ്ങായി ഞങ്ങളും എന്ന സന്ദേശമുയർത്തി പ്രളയ ദുരിത ബാധിതരെ സഹായിക്കുന്നതിനായി ആലക്കോട് ബസ് ഓണേർസ് വാട്സ് ആപ്പ് ഗ്രൂപ്പിലെ അംഗങ്ങളായ ഉടമകളും ജീവനക്കാരും ചേർന്ന് കാരുണ്യയാത്രയിലൂടെ സമാഹരിച്ച തുക വിതരണം ചെയ്തു. പ്രളയം വൻ നാശം വിതച്ച ഇരിട്ടി മേഖലയിലെ എടക്കാനം, കരിക്കോട്ടക്കരി, നെല്ലിയോട് പ്രദേശങ്ങളിലെ 14 കുടുംബങ്ങൾക്കാണ് തുക നൽകിയത്. ആലക്കോട് വ്യാപാരഭവനിൽ നടന്ന സമ്മേളനം പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം ചെയ്തു. ബെന്നി ദേവസ്യ അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് എം.വി.ഐ ജെ.എസ്.ശ്രീകുമാർ ഫണ്ട് വിതരണം നിർവഹിച്ചു. കെ.വി.വി.ഇ.എസ് മേഖലാ ട്രഷറർ ജോൺ പടിഞ്ഞാത്ത് പ്രസംഗിച്ചു. കെ.നാരായണൻ സ്വാഗതവും ടി.എൻ.കൃഷ്ണൻകുട്ടി നന്ദിയും പറഞ്ഞു. ദിലീപ്കുമാർ, അനീഷ്കുമാർ നേതൃത്വം നൽകി. 22 ബസുകളാണ് കഴിഞ്ഞ 20ന് കാരുണ്യയാത്ര നടത്തിയിരുന്നത്. ഇതുവഴി സമാഹരിച്ച 2.40 ലക്ഷം രൂപയാണ് ദുരിതബാധിതർക്ക് വിതരണം ചെയ്തത്.

മുഖ്യമന്ത്രിയുടെ ദുരിദാശ്വാസനിധിയിലേക്ക് തളിപ്പറമ്പ് തീയ്യസമുദായ സംഘത്തിന്റെ സഹായധനം തഹസിൽദാർ എം.മുരളിക്ക് കൈമാറുന്നു.

തളിപ്പറമ്പിലെ ടുവീലർ മെക്കാനിക്കുകൾ എറണാകുളത്തേക്ക് സൗജന്യ ടുവീലർ റിപ്പയറിംഗിന് യാത്രപോകുന്നത് മുനിസിപ്പൽ ചെയർമാൻ അള്ളാംകുളം മഹമൂദ് ഫ്ളാഗ് ഓഫ് ചെയ്യുന്നു

പ്രളയദുരന്തം: ആശ്വാസനടപടികൾ തുടരുന്നു

തളിപ്പറമ്പ: ബി.ഇ.എം എൽ.പി സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന തഹസിൽദാർക്ക് കൈമാറി. സെക്രട്ടറി എം.ആർ.മണിബാബുവിന്റെ നേതൃത്വത്തിലാണ് ഭരണസമിതിയംഗങ്ങൾ തുക കൈമാറിയത്. പ്രസിഡണ്ട് പി.എൽ.ജയിംസ്, പി.ഗോവിന്ദൻ, ടി.പി.ശ്രീജ, കെ.വി.ഇന്ദിര സംബന്ധിച്ചു.

കണ്ണൂർ: ദുരിതാശ്വാസനിധിയിലേക്ക് കുവേരി ജവഹർ സ്മാരക ഗ്രന്ഥശാലയുടെ സംഭാവന മന്ത്രി കടന്നപ്പള്ളി രാമചന്ദ്രന് കൈമാറി. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.സുമേഷ്, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി പി.കെ.ബൈജു, എം.ലക്ഷ്മണൻ, കെ.വി.സുരേഷ്ബാബു സംബന്ധിച്ചു.

കണ്ണൂർ: റിട്ട. ലാന്റ് റവന്യൂ ഓഫീസേർസ് അസോസിയേഷൻ കണ്ണൂർ ജില്ലാ കമ്മിറ്റി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് രണ്ടാം ഗഡുവായി 25,000 രൂപ കലക്ടറെ ഏൽപ്പിച്ചു. ചടങ്ങിൽ ജന. സെക്രട്ടറി കെ.ജി.ഉണ്ണികൃഷ്ണൻ, വി.കെ.ശ്രീധരൻ നമ്പ്യാർ, കെ.രാധാകൃഷ്ണൻ സംബന്ധിച്ചു.

തളിപ്പറമ്പ: ദുരിതാശ്വാസനിധിയിലേക്ക് തളിപ്പറമ്പ റീജനൽ റബർ ഉൽപ്പാദക സംഘം കോർഡിനേഷൻ കമ്മിറ്റി റബർ ഉൽപ്പാദക സംഘങ്ങൾ വഴി സമാഹരിച്ച 2,44,000 രൂപ തഹസിൽദാർ എം. മുരളിക്ക് റബർ ബോർഡ് റീജിയൺ ഡപ്യൂട്ടി കമ്മീഷണർ സുമേദൻ കൈമാറി. റബർ ബോർഡ് ഡവലപ്പ്മെന്റ് ഓഫീസർ പി.കെ. രഘുനാഥ്, എ.ഡി.ഒ രാജു, കോർഡിനേഷൻ കമ്മിറ്റി സെക്രട്ടറി കെ.വി.രാമകൃഷ്ണൻ, പ്രസിഡണ്ട് സേവ്യർ എടാട്ടേൽ, എം.കൃഷ്ണൻ നായർ, സി.കെ.വർഗീസ്, റോയി കുറുവാച്ചിറ, ഐ.വി.ഗോവിന്ദൻ, ജോസഫ് കണിയാമ്പറമ്പ്, മാർട്ടിൻ കുടാക്കുഴ സംബന്ധിച്ചു.

കണ്ണൂർ: എസ്.എൻ. കോളേജ് ഫിസിക്സ് അലുമ്നി-81ന്റെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനയായ 60,000 രൂപ കലക്ടർ മീർ മുഹമ്മദലിക്ക് കൈമാറി. സെക്രട്ടറി എം.സി.സതീഷ്കുമാർ, ആർട്ടിസ്റ്റ് ശശികല, ഡോ. എം.പി.സുജൻ, ടി.ജീന ചന്ദ്രൻ സംബന്ധിച്ചു.

ദുരിതാശ്വാസഫണ്ട് വകമാറ്റി ചിലവഴിക്കുന്നത് തടയണം: എസ്.ടി.യു

കണ്ണൂർ: ദുരിതാശ്വാസഫണ്ട് വകമാറ്റി ചിലവഴിക്കുന്നത് തടയണമെന്നും അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിന് ജില്ലാ കലക്ടർമാരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കണമെന്നും എസ്.ടി.യു ജില്ലാ സെക്രട്ടേറിയറ്റ് യോഗം ആവശ്യപ്പെട്ടു. പ്രസിഡണ്ട് കെ.പി.മുസ്ഹാജി അദ്ധ്യക്ഷത വഹിച്ചു എസ്.ടി.യു ദേശിയ വൈസ് പ്രസിഡണ്ട് എം.എ.കരീം ഉദ്ഘാടനം ചെയ്തു. ആലി കുഞ്ഞി പന്നിയൂർ, കെ.ഉമ്മർ, എ.പി.ബദറുദീൻ, ഇ.എ.കരീം, പി.ഹംസ ഹാജി, കെ.എം.വിനോദ്, ത്രേസ്യാമ്മ സെബാസ്റ്റ്യൻ, പി.പി.എറമു, പി.പി.ജലീൽ, വി.പി.റഷീദ്, എ.ജി.സൈബുനിസ, വി.കെ.സി.മജീദ് സംസാരിച്ചു.

ഓട്ടോമൊബൈൽ അസോ.കൈത്താങ്ങ്

തളിപ്പറമ്പ: അസോസിയേഷൻ ഓഫ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്സ് കേരളയുടെ തളിപ്പറമ്പ് യൂണിറ്റിലെ 16 ഓളം ടുവീലർ മെക്കാനിക്കുകൾ സൗജന്യ ടുവീലർ റിപ്പേറിങ്ങിന് എറണാകുളത്തേക്ക് യാത്ര തിരിച്ചു. മുനിസിപ്പൽ ചെയർമാൻ അള്ളാംകുളം മഹമൂദ് ഫ്ളാഗ് ഓഫ് ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് രാജീവൻ അധ്യക്ഷനായി. സെക്രട്ടറി ബിജു സ്വാഗതവും സംജയ് നന്ദിയും പറഞ്ഞു.

പട്ടുവം സ്പെഷ്യൽ സ്കൂളിന് സഹായഹസ്തവുമായി എൻ.എസ്.എസ് യൂണിറ്റ്

പട്ടുവം: അഗതികൾക്ക് ആശ്വാസമായി ഭക്ഷണ സാധനങ്ങൾ മുതലായവ വിതരണം ചെയ്തു. എൻ.എസ്. എസ് പ്രോഗ്രാം ഓഫീസർ പി. ബഷീർ മാസ്റ്റർ, പ്രജിത ടീച്ചർ, ഫെബിൻ ടീച്ചർ, സാലിഹ, രാഖി, നുസൈഫ, ഷഹാന, അഫീഫ, ഹസൈൻ സംബന്ധിച്ചു.

പട്ടുവം സെന്റ് തെരേസാസ് സ്പെഷ്യൽ സ്കൂളിന് പുതിയങ്ങാടി ജമാഅത്ത് ഹയർ സെക്കണ്ടറി സ്കൂൾ എൻ.എസ്.എസ് യൂണിറ്റ് ഭക്ഷണ-വസ്ത്ര കിറ്റ് വിതരണം ചെയ്യുന്നു

പെരിഞ്ചല്ലൂർ സംഗീതസഭയുടെ സഹായധനം വിജയ് നീലകണ്ഠൻ ഡോ.കെ.ജെ.ദേവസ്യക്ക് കൈമാറുന്നു

എസ്.എൻ. കോളേജ് ഫിസിക്സ് അലുമ്നി-81ന്റെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവന സെക്രട്ടറി എം.സി.സതീഷ്കുമാർ കലക്ടർ മീർ മുഹമ്മദലിക്ക് കൈമാറുന്നു

മിഷൻ റീ കണക്ടിന്റെ ദൗത്യസേനാ അംഗങ്ങളായി പ്രവർത്തിച്ച കെ.എസ്.ഇ.ബി ജീവനക്കാർക്കുള്ള ആദരം വൈദ്യുതി ബോർഡ് ഡയറക്ടർ ഡോ.വി.ശിവദാസൻ ഉദ്ഘാടനം ചെയ്യുന്നു

പച്ചാണി ബ്ലൂസ്റ്റാർ ക്ലബ് വയനാട്ടിലെ പ്രളയ ദുരിതബാധിതർക്ക് നൽകുന്ന അരി വഹിച്ചുള്ള വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ഫാ. റോയി കോച്ചുപുള്ളി നിർവഹിക്കുന്നു

മിഷൻ റീ-കണക്ട്; വൈദ്യുതി ജീവനക്കാരെ ആദരിച്ചു

കണ്ണൂർ: പ്രളയബാധിത പ്രദേശങ്ങളിൽ വൈദ്യുതി പുനഃസ്ഥാപിക്കാനായി കെ.എസ്.ഇ.ബി രൂപീകരിച്ച മിഷൻ റീ കണക്ടിന്റെ ദൗത്യസേനാ അംഗങ്ങളായി പ്രവർത്തിച്ച കണ്ണൂർ-കാസർക്കോട് ജില്ലകളിലെ കെ.എസ്.ഇ.ബി ജീവനക്കാരെ ആദരിച്ചു. പ്രതികൂല കാലാവസ്ഥയിലും ദുരിതബാധിതരുടെ വീട്ടിൽ വൈദ്യുതി വെളിച്ചമെത്തിക്കാൻ അവധി ദിവസങ്ങൾ മാറ്റി വെച്ച് സന്നദ്ധ പ്രവർത്തനം നടത്തിയ ഓഫീസർമാരെയും തൊഴിലാളികളെയുമാണ് ആദരിച്ചത്. മിഷന്റെ ഭാഗമായി വെള്ളം ഇറങ്ങിയ സ്ഥലങ്ങളിൽ പത്ത് ദിവസം കൊണ്ട് വൈദ്യുതി പുനഃസ്ഥാപിക്കാനായി തൃശൂർ, എറണാകുളം ജില്ലകളിലെ വെള്ളത്തിനടിയിലായ ആയിരത്തോളം ട്രാൻസ്ഫോർമറുകൾ ടെസ്റ്റ് ചെയ്ത് ചാർജ് ചെയ്തു. ലൈനുകളും പോസ്റ്റുകളും പുനഃസ്ഥാപിച്ച് വീടുകളിലെ വയറിംഗ് പരിശോധിച്ചാണ് വെളിച്ചമെത്തിച്ചത്.

ചടങ്ങിൽ ചീഫ് എഞ്ചിനീയർ അഗസ്റ്റിൻ തോമസ് അധ്യക്ഷത വഹിച്ചു. വൈദ്യുതി ബോർഡ് ഡയറക്ടർ ഡോ.വി.ശിവദാസൻ ഉദ്ഘാടനം ചെയ്തു. ഡപ്യൂട്ടി ചീഫ് എഞ്ചിനീയർമാരായ ഗീത, ജി.പത്മകുമാർ, എ.എസ്.ജോർജ്കുട്ടി, രഞ്ജിത്ത് വി.ദേവ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.സീതാരാമൻ, അസിസ്റ്റന്റ് എഞ്ചിനീയർ പി.ജയപ്രകാശൻ സംസാരിച്ചു.

കലുങ്കിന് സമീപത്തെ കുഴി ഉദയഗിരി റോഡിൽ അപകടമുയർത്തുന്നു

ആലക്കോട്: കലുങ്കിന് സമീപത്തെ കുഴി വാഹനങ്ങൾക്കും യാത്രക്കാർക്കും അപകട ഭീഷണിയുയർത്തുന്നു. കാർത്തികപുരം-ഉദയഗിരി റോഡിൽ ഉദയഗിരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സമീപത്താണ് അപകടാവസ്ഥ. കലുങ്കിന് പാർശ്വഭിത്തി നിർമ്മിക്കാതെ വന്നതാണ് മെയിൻ റോഡിൽ അപകടം പതിയിരിക്കുന്നതിന് കാരണം. ബസുകൾ ഉൾപ്പെടെ നിരവധി വാഹനങ്ങളും ചെറുവാഹനങ്ങളും നൂറുകണക്കിന് യാത്രക്കാരും സഞ്ചരിക്കുന്ന സദാ തിരക്കേറിയ റോഡിൽ പത്തടിയോളം താഴ്ചയുള്ള കുഴി ഏറെ അപകടങ്ങൾക്കാണ് വഴിതെളിക്കുന്നത്. വാഹനയാത്രക്കാർക്ക് മുന്നറിയിപ്പ് നൽകുന്നതിനായി നാട്ടുകാർ ചേർന്ന് ഇവിടെ ചുവന്ന കൊടി നാട്ടിയിരിക്കുകയാണ്. കോടികൾ ചെലവിട്ടുള്ള മെക്കാഡം ടാറിംഗ് പ്രവൃത്തി നടന്നുവരുന്ന റോഡിലെ അപകടാവസ്ഥ പരിഹരിക്കുന്നതിന് അധികൃതർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

സഹകരണ സംഗമം

കണ്ണൂർ: സഹകരണ വകുപ്പിൽ നിന്നും വിരമിച്ച കണ്ണൂർ ജില്ലയിലെ ജീവനക്കാരുടെ സംഘടനയായ കോഡ്പ സഹകരണ സംഗമം സംഘടിപ്പിക്കും. നാളെ രാവിലെ 10 മണിക്ക് ജില്ലാ ബാങ്ക് ഹാളിലാണ് സംഗമം. 2018 ആഗസ്ത് വരെ സഹകരണ വകുപ്പിൽ നിന്ന് വിരമിച്ച കണ്ണൂർ ജില്ലക്കാരായ ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

മാസാന്ത സ്വലാത്ത് മജ്ലിസ് നാളെ

ആലക്കോട്: രയരോം പത്തായക്കുണ്ട് തഖ്വ മസ്ജിദിൽ മാസാന്ത സ്വലാത്ത് മജ്ലിസും കൂട്ടുപ്രാർത്ഥനയും നാളെ മഗ്രിബ് നിസ്ക്കാരത്തിന് ശേഷം നടക്കും.

മുത്തപ്പൻ വെള്ളാട്ടം നാളെ

ബക്കളം: പീലേരി പുത്തൻപുര മുത്തപ്പൻ മടപ്പുരയിൽ എട്ടിന് വൈകുന്നേരം നാല് മണിക്ക് മുത്തപ്പൻ വെള്ളാട്ടം നടക്കും. ഉച്ചക്ക് രണ്ട് മണിക്ക് മലയിറക്കലും ഉണ്ടാകും.

ഗ്ലോബൽ ഫുട്ബോൾ അക്കാദമി സെലക്ഷൻ

തളിപ്പറമ്പ: ഗ്ലോബൽ ഫുട്ബോൾ അക്കാദമി കളിക്കാരെ തിരഞ്ഞെടുക്കുന്നു. ഒമ്പത് മുതൽ 16 വയസുവരെയുള്ള വിഭാഗത്തിലേക്കാണ് കളിക്കാരെ തിരഞ്ഞെടുക്കുന്നത്. അണ്ടർ 12, 10 വിഭാഗങ്ങളിലേക്ക് നാളെ ഉച്ചക്ക് 2.30നും അണ്ടർ 14, 16 വിഭാഗങ്ങളിലേക്ക് ഒമ്പതിന് ഉച്ചക്ക് 2.30 മുതലും സെലക്ഷൻ ട്രയൽസ് നടക്കും. തളിപ്പറമ്പ ഉണ്ടപ്പറമ്പ് മൈതാനത്ത് വെച്ചാണ് സെലക്ഷൻ. കൂടുതൽ വിവരങ്ങൾക്ക്: 8547287202, 9539005029.

തൃപ്പുത്തരി പത്തിന്

തളിപ്പറമ്പ: രാജരാജേശ്വര ക്ഷേത്രത്തിൽ തൃപ്പുത്തരി 10ന് രാവിലെ 8.50നും 9.32നും മധ്യേ നടത്തും. അന്ന് രാവിലെ നാല് മണിക്ക് കണിക്ക് തുറക്കും.

132 കുടുംബങ്ങൾക്ക് ഭക്ഷ്യസാധനങ്ങൾ എത്തിച്ച് നൽകി

ആലക്കോട്: പ്രളയക്കെടുതികൾ നേരിടുന്ന വയനാട് ജില്ലയിലെ തവിഞ്ഞാൽ, വാളാട്. മാനന്തവാടി, പനമരം, കോട്ടത്തറ, കുറുംബാല കോട്ട കോളനി എന്നിവിടങ്ങളിലെ 132 കുടുംബങ്ങൾക്ക് 20 കിലോ അരി വീതം ഉൾപ്പെടെയുള്ള ഭക്ഷ്യ സാധനങ്ങൾ പച്ചാണി ബ്ലൂസ്റ്റാർ ക്ലബ് നേതൃത്വത്തിൽ നേരിട്ട് എത്തിച്ച് നൽകി. ക്ലബ് പ്രവർത്തകർ ചേർന്ന് നാട്ടുകാരിൽ നിന്നാണ് 2640 കിലോ അരി സമാഹരിച്ചത്. സാധനങ്ങൾ വഹിച്ചുള്ള വാഹനത്തിന്റെ ഫ്ളാഗ് ഓഫ് പച്ചാണി സെന്റ് മേരീസ് ഇടവക വികാരി ഫാ. റോയ് കോച്ചുപള്ളി നിർവഹിച്ചു. ബിനേഷ് പച്ചാണി സ്വാഗതം പറഞ്ഞു.

സ്കൂൾ കലോത്സവം നടത്തില്ലെന്ന സർക്കാർ തീരുമാനം പിൻവലിക്കണമെന്ന്

തളിപ്പറമ്പ: സ്കൂൾ കലോത്സവങ്ങൾ ഈ വർഷം നടത്തില്ലെന്ന സർക്കാർ തീരുമാനം പിൻവലിക്കണമെന്ന് കണ്ണൂർ-കാസർക്കോട് ജില്ലാ പ്രൊഫഷണൽ മേക്കപ്പ് ആർട്ടിസ്റ്റ് ആന്റ് വർക്കേഴ്സ് അസോസിയേഷൻ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. പ്രളയക്കെടുതി മൂലം സംസ്ഥാനത്ത് ആഘോഷങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായാണ് കലോത്സവം നടത്തില്ലെന്ന് സർക്കാർ തീരുമാനിച്ചത്. കണ്ണൂർ-കാസർക്കോട് ജില്ലകളിൽ 500 ഓളം കലാകാരന്മാരാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. കലോത്സവങ്ങളും ആഘോഷങ്ങളും ഒഴിവാക്കുന്നതോടെ ഇവരും കുടുംബവും ദുരിതത്തിലാകും. ചമയം മേഖലയിലെ കലാകാരന്മാരെയും ഇത് നിസാരമായി ബാധിക്കും.

ഓണാഘോഷം, ശ്രീകൃഷ്ണ ജയന്തി എന്നിവ പലയിടത്തും നടത്താത്തതിനാൽ ദുരിതത്തിലായ കലാകാരന്മാർ കലോത്സവങ്ങളും സ്കൂൾ വാർഷികം, ക്ലബ് പരിപാടികളും ഒഴിവാക്കുന്നതോടെ ജീവിതം വഴിമുട്ടിയ അവസ്ഥയിലാണ്.

ലൈസൻസ് റദ്ദാക്കും

തളിപ്പറമ്പ: നഗരസഭ പരിധിയിലെ എല്ലാ കച്ചവട സ്ഥാപനങ്ങളും ഹോട്ടൽ, ഷോപ്പിംഗ് മാളുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഓഡിറ്റോറിയങ്ങൾ, മറ്റ് ഇതര സ്ഥാപനങ്ങളും 15 നകം മാലിന്യ സംസ്കരണ സംവിധാനം ഒരുക്കണമെന്നും. ഒരുക്കാത്തവരുടെ ലൈസൻസ് റദ്ദാക്കുമെന്നും നഗരസഭ സെക്രട്ടറി അറിയിച്ചു.

ദുരിതാശ്വാസം; ഓൺലൈനായി പണമടക്കാൻ സഹായിക്കും

തളിപ്പറമ്പ: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഓൺലൈനായി പണമടയ്ക്കാനുള്ള സഹായം തളിപ്പറമ്പ് ചിറവക്കിലുള്ള അക്കിപ്പറമ്പ് യു.പി സ്കൂളിൽ ലഭിക്കും. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ് എന്നീ സേവനങ്ങൾ ഉപയോഗിക്കുന്നവർക്ക് സ്കൂളിൽ എത്തിയാൽ ഓൺലൈനായി തുക അടയ്ക്കാനുള്ള സാങ്കേതിക സഹായം ലഭ്യമാക്കും. സേവനം സൗജന്യമാണ്. സർക്കാർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയാണ് സേവനം ലഭിക്കുക. ഫോൺ: 944668242

STATE RESOURCE CENTRE (SRC), COMMUNITY COLLEGE
VIKAS BHAVAN, THIRUVANANTHAPURAM, STUDY CENTRE
TALIPARAMBA-670141, PH: 62 82 880 280
പഠന വൈകല്യ മാനേജ്മെന്റ് കോഴ്സ്
09-09-18ന് ആരംഭിക്കുന്നു
തളിപ്പറമ്പ് തളിപ്പറമ്പിൽ സംസ്ഥാന ഗവൺമെന്റിന് കീഴിലുള്ള സ്റ്റേറ്റ് റിസോർസ് സെന്റർ (എസ്.ആർ.സി) കമ്മ്യൂണിറ്റി കോളേജ് നടത്തുന്ന പഠനവൈകല്യ മാനേജ്മെന്റ് കോഴ്സ് 09-09-18ന് ആരംഭിക്കും. സ്ഥലം: മൈതിന്റ് കെയർ കൗൺസിലിംഗ് സെന്റർ, തളിപ്പറമ്പ്. ആറ് മാസം ദൈർഘ്യമുള്ളതാണ് സർട്ടിഫിക്കറ്റ് (സി.എം.എൽ.ഡി) കോഴ്സ്. ഞായറാഴ്ചകളിലോ അവധി ദിവസങ്ങളിലോ മാത്രമായിരിക്കും ക്ലാസ് നടക്കുക. 12-ാം തരം യോഗ്യതയോ, എസ്.എസ്.എൽ.സിക്ക് ശേഷമുള്ള എതെങ്കിലും ടീച്ചേർസ് ട്രെയിനിംഗോ ആണ് അപേക്ഷിക്കുവാനുള്ള യോഗ്യത.
കൂടുതൽ വിവരങ്ങൾക്ക് 6282 880 280, 8281 643 848 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

വിൽപ്പനക്ക്
വ്യാപാര സ്ഥാപനത്തിലെ വുഡ് ഷെൽഫ് വിൽപ്പനക്ക്. ബന്ധപ്പെടുക:
Ph: 9961533625

ആവശ്യമുണ്ട്
തളിപ്പറമ്പ് പർദ്ദ സ്ഥാപനത്തിലേക്ക് പർദ്ദ കട്ടിങ് ആന്റ് സ്റ്റിച്ചിംഗ് എന്നിവക്ക് മുൻപരിചയമുള്ള ആളെ ആവശ്യമുണ്ട്. വനിതകൾക്ക് മുൻഗണന.
Ph: 9447353172
8078861827,9656862288

ബഹുമാനപ്പെട്ട തളിപ്പറമ്പ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ മുമ്പാകെ
OP (MV) No. 574/2017
OP (MV) No. 575/2017
OP (MV) No. 576/2017

ജോയ് തോമസ് (OP (MV) No. 574/2017)
വൽസമ്മ പി.എഫ് (OP (MV) No. 575/2017)
തോമസ് എം.ടി (OP (MV) No. 576/2017) } ഹരജിക്കാർ

അസ്സുഹാജി മുതൽ പേർ
(OP (MV) No. 574/2017 to 576/2017) } എതൃകക്ഷികൾ

ജാഫർ, S/o. (Late) അസ്സുഹാജി മൂന്നാംകുന്ന് രയരോം (PO), ആലക്കോട് വഴി, കണ്ണൂർ ജില്ല } Suppl.R8 in OP (MV) No. 574/2017 to 576/2017

മേൽ നമ്പർ കേസുകളിൽ ടി എതൃകക്ഷിക്കെതിരെയുള്ള നോട്ടീസ് കൽപ്പന പതിച്ച് നടത്താൻ കൽപിച്ച് മേൽ നമ്പ്രകേസ് 13-09-2018 തീയതി നിർത്തിയിരിക്കുന്നു.

ഹരജിക്കാരൻ ഭാഗം അഡ്വക്കറ്റ്
കെ. ജെ. ചാക്കോ (ഒപ്പ്)